(ബി) എല്ലാ ജില്ലകളിലും യുവകർമ്മസേന രൂപീകരിച്ചിട്ടുണ്ടോ ;

(സി) യുവകർമ്മസേന പഞ്ചായത്തുതലത്തിലും രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സേനാംഗങ്ങൾക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) യുവകർമ്മസേന ഇതിനകം ഏതെല്ലാം ദുരന്തമേഖലകളിൽ രക്ഷാപ്രവർത്തനം നടത്തിയിട്ടുണ്ട് ;

(എഫ്) യുവകർമ്മസേനയുടെ പ്രവർത്തനത്തിന് ഈ വർഷം എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ വി. സുരേന്ദ്രൻ പിള്ള) : സർ,

(എ) ഇതിനായി എല്ലാ ജില്ലകളിലും ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രഥമ ശുശ്രൂഷ, ഫയർ ഫൈറ്റിംഗ്, ശുചീകരണ പ്രവർത്തനങ്ങൾ, ആരോഗ്യബോധവൽക്കരണ പ്രചാരണക്ലാസ്സുകൾ, നിയമ അവബോധം എന്നിവ ഉൾപ്പെടുത്തി ആരോഗ്യം, പോലീസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെ പരിശീലനം നൽകി വരുന്നു.

(ബി) ഉണ്ട്.

(സി) ഭൂരിപക്ഷം പഞ്ചായത്തുകളിലും പഞ്ചായത്ത് തലത്തിൽ യുവകർമ്മസേന രൂപീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, ഇടുക്കി എന്നീ ജില്ലകളിലുണ്ടായ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളിലും, ഉരുൾപൊട്ടലുണ്ടായ മേഖലകളിലും പ്രശംസനീയമായ രക്ഷാപ്രവർത്തനം നടത്തുവാൻ യുവകർമ്മസേനയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

(എഫ്) യുവശക്തി പദ്ധതിക്കായി അനുവദിച്ചിട്ടുള്ള 3,35,00,000 രൂപയിൽ ഉൾപ്പെടുത്തി യുവകർമ്മസേനാ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

## ഊർജ്ജിത കന്നുകാലി വികസന പദ്ധതി

27(*177) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജിത കന്നുകാലി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) കൃത്രിമ ബീജസങ്കലന സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ ഈ സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) വന്ധ്യതാ നിവാരണത്തിന് ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) കന്നുകാലികൾക്കുള്ള രോഗപ്രതിരോധത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നത് ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ,

(എ) കൃത്രിമ ബീജസങ്കലനം വഴിയുള്ള സങ്കര പ്രജനനമാണ് ഊർജ്ജിത കന്നുകാലി വികസന പദ്ധതിയുടെ മുഖ്യ പ്രവർത്തനം. കെ.എൽ.ഡി. ബോർഡിൽ നിന്നും വാങ്ങുന്ന ബീജം ഈ പദ്ധതിയുടെ നിയന്ത്രണത്തിലുള്ള ബീജാധാന കേന്ദ്രങ്ങൾ വഴി കന്നുകാലികളിൽ കൃത്രിമ ബീജസങ്കലനത്തിനായി സൗജന്യമായി ലഭ്യമാക്കിവരുന്നു. ഇതോടൊപ്പം, രോഗ പ്രതിരോധ കുത്തിവയ്പ്, പുൽകൃഷി വ്യാപിപ്പിക്കൽ, ശാസ്ത്രീയ കന്നുകാലി വളർത്തലിനെ സംബന്ധിച്ച് പ്രാഥമിക ചികിത്സകൾ, കന്നുകാലി വിവരശേഖരണം മുതലായ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തി വരുന്നു. കുത്തിവയ്പ് കേന്ദ്രങ്ങൾ വഴി ബീജധാനം നടത്തുന്ന പശുക്കളുടെ വിവരങ്ങൾ സൂക്ഷിക്കുന്നതിന് കർഷകർക്ക് നൽകാനുള്ള കാർഡുകളുടെ വിതരണം, വന്ധ്യതാ നിവാരണ ക്യാമ്പുകളുടെ സംഘാടനം എന്നിവയും ടി പദ്ധതിയുടെ പ്രവർത്തനങ്ങളാണ്. കന്നുകാലികളിലെ വന്ധ്യത നിയന്ത്രിക്കുന്ന പ്രവർത്തനങ്ങൾക്കായി ആലുവയിൽ ഈ പദ്ധതിയുടെ കീഴിൽ ഒരു കന്നുകാലി വന്ധ്യതാ നിവാരണ ആഫീസും പ്രവർത്തിച്ചുവരുന്നു.

(ബി) സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ എല്ലാ പഞ്ചായത്തുകളിലുമുള്ള മൃഗാശുപത്രികളിലും കൃത്രിമ ബീജധാന ഉപകേന്ദ്രങ്ങളിലും കൃത്രിമ ബീജസങ്കലന സൗകര്യം ലഭ്യമാണ്. ഈ സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ എ.ഐ. സെന്ററുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സ്വകാര്യ കുത്തിവയ്പുകേന്ദ്രങ്ങൾക്ക് സർക്കാർ നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകുകയും ചെയ്യുന്നുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്. വന്ധ്യതാ നിവാരണത്തിന് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികൾവഴി ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്. കൂടാതെ ഊർജ്ജിത കന്നുകാലിവികസന പദ്ധതിപ്രകാരം എല്ലാ ജില്ലകളിലും വന്ധ്യതാ നിവാരണ ചികിത്സയും ബോധവൽക്കരണവും നടത്തിവരുന്നു.

(ഡി) കന്നുകാലികൾക്കുള്ള രോഗപ്രതിരോധത്തിനായി എല്ലാ തദ്ദേശ സ്വയം ഭരണ കേന്ദ്രങ്ങളിലും മൃഗചികിത്സാസേവനങ്ങൾ (മൃഗാശുപത്രികൾ) സ്ഥാപിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പാലോട് വെറ്ററിനറി

LIBRARY ARCHIVES Kerala Legislative Assembly

ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രധാന കന്നുകാലി രോഗങ്ങളായ ആന്ത്രാക്സ്, കുരലടപ്പൻ, ബ്ലാക്ക്ക്വാർട്ടർ തുടങ്ങിയവയ്ക്കെതിരെ പ്രതിരോധ കുത്തിവയ്പിനുള്ള വാക്സിനുകൾ ഉല്പാദിപ്പിച്ച് മൃഗാശുപത്രികൾ വഴി സൗജന്യമായി ലഭ്യമാക്കിവരുന്നു. കന്നുകാലികളെ ബാധിക്കുന്ന രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി ആനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് പ്രവർത്തിച്ചു വരുന്നു. ഇത്തരം രോഗങ്ങൾക്കെതിരായ പ്രതിരോധ കുത്തിവയ്പുകൾക്ക് ടി പ്രോജക്ട് നേതൃത്വം നൽകിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ കുളമ്പുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനങ്ങൾ കുളമ്പ് രോഗപ്രതിരോധ കുത്തിവയ്പുകൾ നടപ്പാക്കിവരുന്നു. ആന്ത്രാക്സ് (അടപ്പൻ), കുരലടപ്പൻ, താറാവ്വസന്ത, കോഴിവസന്ത, പന്നിപ്പനി എന്നീ രോഗങ്ങളുടെ നിയന്ത്രണത്തിനായി 75 % കേന്ദ്ര സഹായത്തോടെ 'അസ്കാഡ്' പദ്ധതി നടപ്പിലാക്കിവരുന്നു. ആടുവസന്ത, ബ്രൂസല്ലോസിസ് എന്നീ രോഗങ്ങളുടെ പ്രതിരോധപ്രവർത്തനത്തിനായുള്ള പദ്ധതികൾ 2010-11 വർഷം 100% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിവരുന്നു. 100% ധനസഹായത്തോടെ ദേശീയ കാലി വസന്ത നിർമ്മാർജ്ജനപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 'കാലിവസന്ത' നിർമ്മാർജ്ജനം പൂർണ്ണമായി ഉദ്ദേശിച്ചുകൊണ്ടുള്ള സ്റ്റോക്ക് റൂട്ട് സർച്ച്, വില്ലേജ് സർച്ച്, സീറോ സർവ്വയലൻസ് എന്നിവ നടത്തിവരുന്നു.

## ജൈവവൈവിധ്യ ബോർഡിന്റെ പ്രധാന ലക്ഷ്യങ്ങൾ

28(*178) ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. രാജു എബ്രഹാം :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. അൽഫോൺസ് കണ്ണന്താനം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവവൈവിധ്യ ബോർഡിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) ബോർഡ് സംസ്ഥാനത്ത് നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ ;

(സി) എല്ലാ പഞ്ചായത്തുകളിലും ജൈവവൈവിധ്യ നിയമപ്രകാരം ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) മാനേജ്മെന്റ് കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും പരിശീലനം നൽകുമോ ;

(ഇ) എത്ര പഞ്ചായത്തുകളിൽ ഇതിനകം ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുണ്ട് ;

(എഫ്) ജൈവ വൈവിധ്യ സംരക്ഷണം സംബന്ധിച്ച് പ്രചാരണം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly